എമ്മാവൂസ്
# വചനദൂത്

Vol. IX Issue :3





*(ഏശയ്യാ 4:2-6 2, കോറി 3:4-12 ലൂക്കാ15:11-32)*


ബ്രദർ ജിൻസ് ജോസ് പുതുശ്ശേരിക്കാലായിൽ


**" ഏതാണ് കൂടുതൽ ശോചനീയം? ഭക്ഷണമില്ലാത്തതിന്റെ വിശപ്പോ? അതോ യഥാർത്ഥ ഭക്ഷണമായ ദൈവവചനത്തിൽ നിന്നകന്നതു കൊണ്ടുള്ള ആന്തരിക വിശപ്പോ?" ആരൊക്കെ ദൈവവചനത്തിൽ നിന്നകലുന്നുവോ അവരെല്ലാം വിശക്കുന്നു. ആരെല്ലാം ദൈവീക ജ്ഞാനത്തിൽ നിന്നകലുന്നുവോ അവരെല്ലാം നാശോന്മുഖരായിത്തീരുന്നു. പിതാവിന്റെ ഭവനത്തിൽ നിന്നകന്ന ധൂർത്ത പുത്രന് ഇവയെല്ലാം വന്നുഭവിച്ചു:**

*- മിലാനിലെ വി. ആംബ്രോസ്-*

ഈശോമിശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്നവരെ,

പാതിവഴിയിൽ തിരിച്ച് നടക്കുക എന്നത് ഒരു തരത്തിൽ പറഞ്ഞാൽ ദുരന്തം തന്നെയാണ് എന്നാൽ ഒരു തരത്തിൽ ചിന്തിച്ചാൽ വഴിതെറ്റിയെന്നുള്ള തോന്നലും തിരിച്ചുനടപ്പും വലിയ ഭാഗ്യമാണ്. ഇന്നത്തെ സുവിശേഷം നമ്മോട് പങ്കുവയ്ക്കുന്നത്, വഴി തെറ്റിയവന്റെ ഭവനത്തിലേക്കുള്ള തിരിച്ചു നടപ്പാണ്. ലോകസാഹിത്യത്തിൽ പോലും ഇതിനു സമാനമായ ഒരു കഥയില്ലെന്നാണ് വിശ്വകഥാകാരനായ ടോൾ സ്റ്റോയി സാക്ഷ്യപ്പെടുത്തിയത്. പിതാവിന്റെ രണ്ടു പുത്രന്മാരിൽ ഇളയവൻ ഓഹരിയും വാങ്ങി വീടുവിട്ടിറങ്ങിപ്പോയതിൽ നിന്നാണ് ഉപമയുടെ ആരംഭം. നഷ്ടപ്പെട്ടവയെ സംബന്ധിക്കുന്ന മൂന്നുപമകളിൽ ഒന്നാണിതെങ്കിലും വായനകാർക്ക് ഒരു ഹൃദയബന്ധം ഈ ഉപമയോട് തോന്നുക സ്വഭാവികം. കാരണം

ഈ ഉപമ ജനിക്കുന്നതും പതിക്കുന്നതും ഹൃദയത്തിലാണ്. മനുഷ്യരുടെ പരസ്പരമുള്ള ബന്ധത്തെക്കുറിച്ചാണ് ഇതിലെ കഥാപാത്രങ്ങൾ സംസാരിക്കുന്നതെങ്കിലും, ഈ ഉപമ നമ്മെ കൊണ്ടുചെന്ന് എത്തിക്കുന്നത് സ്നേഹനിധിയായ ദൈവത്തിന്റെ അടുക്കലാണ്. സ്നേഹം നിറഞ്ഞ ഹൃദയവുമായി കാത്തിരിക്കുന്ന പിതാവ് ഊ ഉപമയിലുടനീളം നിറഞ്ഞു നില്ക്കുന്ന കഥാപാത്രമാണ്. ചുറ്റുമുള്ളവർ അകന്നു പോകുമ്പോഴും പിതാവിന്റെ സ്നേഹത്തിലും സ്വഭാവത്തിലും മാത്രം മാറ്റമില്ല. അവൻ എന്നും കാത്തിരിക്കുന്നവൻ തന്നെയാകുന്നു.

നേട്ടങ്ങളിൽ മതിമറക്കുന്നവരാണ് ധൂർത്തപുത്രർ. സ്നേഹത്തെ തിരിച്ചറിയാതെ പോകുന്നവനാണ് മനുഷ്യൻ എന്ന, മനുഷ്യസ്വഭാവത്തെ നിർവചിക്കാൻ തക്കവിധം ശക്തമാണ് ഈ ഉപമ. പിതാവിന്റെ ഓഹരി സ്വന്തമാക്കിയ ഇളയമകനും ഹൃദയം സ്വന്തമാക്കിയെന്നഭിമാനിക്കുന്ന മൂത്തമകനും കാണാതെ പോകുന്നത് സ്നേഹം മാത്രമാണ്. ഇരുവരും കണ്ടത് ഓഹരിയും വയലും അദ്ധ്വാനവും മാത്രം. മനുഷ്യരുടെ ചിന്ത ഇന്നും അങ്ങനെയാണ്. ചിലർ ലക്ഷ്യമിടുന്നത് ദൈവം നല്കുന്ന അനുഗ്രഹങ്ങൾ, എന്നാൽ മറ്റുചിലരാകട്ടെ സഹനങ്ങൾ നല്കുന്ന ദൈവത്തെ കുറ്റപ്പെടുത്തി ഇറങ്ങിപ്പോകുന്നു. ഇരുകൂട്ടരെയും കാത്തിരിക്കുന്ന സ്നേഹമായി ദൈവം മാറുന്നു.

രണ്ടാം വായനയിൽ ഏശയ്യാ പ്രവാചകൻ അറിയിക്കുന്നതും തിരിച്ചുവരവിനെക്കുറിച്ചാണ്. സ്നേഹമായി മാറി നമ്മെ കാത്തിരിക്കുന്ന പിതാവിലേക്കുള്ള തിരിച്ചുവരവ്. വാക്കു കൊണ്ടും പ്രവൃത്തികൊണ്ടും ദൈവത്തോട് മത്സരിച്ച് അരാജകത്വത്തിൻ കീഴിലായ ജനത്തോട് പ്രവാചകൻ പറയുന്നു, യഥാർത്ഥത്തിൽ രക്ഷയ്ക്കുള്ള മാർഗ്ഗം വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ദൈവത്തിലേക്ക് തിരിയുക എന്നാണ്. ദൈവമനുഷ്യബന്ധം ശിഥിലമാക്കുന്ന പ്രവൃത്തികൾ അവരുടെ ഇടയിൽ ക്രമരാഹിത്യം സൃഷ്ടിച്ചെങ്കിലും ശിക്ഷയുണ്ടാകുമെങ്കിലും ശിഷ്ടവിഭാഗത്തിനുള്ള രക്ഷയിലൂടെ പ്രതീക്ഷ നിലനില്ക്കുന്നു. വാക്കിലും പ്രവൃത്തിയിലും ദൈവത്തോട് ഭാവാത്മകമായി പ്രതികരിക്കുമ്പോഴാണ് നമുക്കും പന്നിക്കുഴിയിൽ നിന്നും പട്ടുവസ്ത്രത്തിലേക്ക് തിരികെ നടക്കാനാവൂ.

നിയമാവർത്തന പുസ്തകത്തിൽ ഈ തിരിച്ച് നടപ്പ് സാധ്യമാകുന്നത് ദൈവനിയമങ്ങളും കല്പനകളും പാലിച്ച് ജീവിക്കുന്നതിലൂടെയാണ്. ഈജിപ്തിലെ പണിനിലങ്ങളും മരുഭൂമിയിലെ ദുരിതങ്ങളുമാകുന്ന പന്നിക്കുഴിയിൽ നിന്നും ദൈവഭവനമാകുന്ന വാഗ്ദാന ദേശത്തേക്ക് നടക്കാൻ ഇസ്രായേൽ ജനത്തിന് നിയമങ്ങളും ദൈവകല്പനകളുടെ അനുസരണവും അനിവാര്യമായിരുന്നു. ഒരിക്കൽ വാഗ്ദാനഭൂമിയിൽ പ്രവേശിച്ച് ഇസ്രായേൽ ജനത്തിന് നിയമങ്ങളും ദൈവകല്പനകളുടെ അനുസരണവും അനിവാര്യമായിരുന്നു. ഒരിക്കൽ വാഗ്ദാനഭൂമിയിൽ പ്രവേശിച്ച് ഇസ്രായേൽ ജനം വീണ്ടും തങ്ങളുടെ ഓഹരിയും വാങ്ങി ദൈവത്തിൽ നിന്നും തിരികെ പോകാൻ ഒരുങ്ങുമ്പോൾ അവരോടാണ് വചനം പറയുന്നത്. നിങ്ങളുടെ ഭൂതകാലത്തെ സ്മരിക്കുക വീണ്ടും അനുസരണക്കേട് കാണിച്ച് പന്നിക്കുഴിയിലേക്ക് തിരികെ പോകാതിരിക്കുക എന്ന്.

അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ പറയുന്നത് "സ്വന്തമായി എന്തെങ്കിലും മേന്മ അവകാശപ്പെടാൻ ഞങ്ങൾ യോഗ്യരല്ല ഞങ്ങളുടെ യോഗ്യത ദൈവത്തിൽ നിന്നാണ് (1കോറി 3:5) എല്ലാ മേൻമയും ദൈവത്തിൽ നിന്നായതിനാൽ എന്താണ് നമുക്ക് അവകാശമായുള്ളത്. അവകാശങ്ങളൊന്നും ഇല്ലാത്തവന് എന്ത് ഓഹരിയാണ് ചോദിച്ച് വാങ്ങുവാനുള്ളത്. എല്ലാം ഞാൻ തനിയെ ഉണ്ടാക്കി, തന്റെ അദ്ധ്യാനത്തിന്റെ ഫലമാണിതൊക്കെയെന്ന് അഹങ്കാരത്തോടെ സംസാരിക്കുമ്പോൾ ഓർക്കുക നമ്മൾ ധൂർത്തപുത്രന് തുല്യരാകുകയാണ് .കണക്കുപറഞ്ഞ് വാങ്ങി, എനിക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണ് എന്ന് മനസിലാക്കാതെ ജീവിക്കുമ്പോൾ, അധികം ദൂരെയല്ലാതെ കാണുന്ന പന്നിക്കുഴിയെക്കുറിച്ച് ജാഗ്രതയുള്ളത് നല്ലതാണ്. സ്നേഹിക്കുന്ന പിതാവിനെ തിരിച്ചറിയാതെയുള്ള നമ്മുടെ ഒറ്റയാൻ യാത്രയിൽ നിന്നും തിരികെ നടക്കാനുള്ള സമയവും, അവസരവും ഇനിയും നമുക്ക് മുന്നിലുണ്ട്. ജോലിത്തിരക്കിന്റെയും എൻട്രൻസ് കോച്ചിംഗിന്റെയും പേര് പറഞ്ഞ് ദൈവാലയത്തിൽ വരാതെയും കുടുംബ പ്രാർത്ഥനയിൽ സംബന്ധിക്കാതെയും വ്യക്തിപരമായ പ്രാർത്ഥനയില്ലാതെയും നാം ഓടി തീർക്കുമ്പോൾ നാം ധൂർത്തപുത്രനെപ്പോലെയാണ്. മറ്റുള്ളവരെ കുറ്റം പറഞ്ഞും അസൂയയിലും പൊങ്ങച്ചത്തിലും ജീവിക്കുകയും ദൈവത്തെ ശ്രദ്ധിക്കാതെ മുന്നോട്ട് പോവുകയും ചെയ്യുമ്പോൾ നാം മൂത്തപുത്രന് തുല്യനാണ്. സ്നേഹിക്കുന്ന ഒരു ദൈവം നമ്മെ കാത്തിരിക്കുന്നുണ്ടെന്ന് നാം തിരിച്ചറിയേണ്ടയിരിക്കുന്നു.

തന്റെ ഏകജാതനെ നല്കാൻ തക്കവിധം നമ്മെ സ്നേഹിച്ച നല്ല ദൈവം നമ്മെ കാത്തിരിക്കുന്ന ഭവനമാണ് ദൈവാലയം. ഇവിടെ ദൈവം സ്വയം ബലിയാടായി നമുക്ക് വിരുന്നൊരിക്കിയിരിക്കുന്നു. ഈ കുഞ്ഞാടിന്റെ ബലി വിരുന്നിൽ നമുക്ക് പങ്കുചേരാം. പുറം തിരിഞ്ഞ് നടക്കുന്നവരാകാതെ, ദൈവത്തോടൊപ്പം ജീവിക്കുന്നവരാകാൻ നമുക്ക് പരിശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.